**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3242

24.02.2016 - ൽ മറുപടിയ്ക്ക്

## പോലീസ് കസ്റ്റഡി മർദ്ദനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരം നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലെ Cr. No. 1423/2015 കേസ് പ്രകാരം കസ്റ്റഡിയിൽ ഇരിക്കെ പോലീസ് സ്റ്റേഷനിൽ വച്ച് വളരെ ക്രൂരമായി ദേഹോപദ്രവം ചെയ്തു എന്ന് സത്യൻ മകൻ ശ്രീ. വിപിൻ ജോസിന്റെ പരാതിയെ സംബന്ധിച്ച് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) & (സി) | നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലെ ക്രൈം നം. 1423/2015 u/s 294(b), 506(1), 332 & 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിലേക്ക് അറസ്റ്റ് ചെയ്ത് പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്ന പരാതിക്കാരനായ വിപിൻ ജോസ്, ടിയാന്റെ സുഹൃത്ത് കമലാസനൻ, മകൻ മുരുകൻ എന്നിവരെ പരിശോധിച്ച നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേയും ഡോക്ടർമാർ നൽകിയ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ ടിയാൻമാർക്ക് പോലീസ് സ്റ്റേഷനിൽ വച്ച് ദേഹോപദ്രവം ഏറ്റിരിക്കാൻ ഏറെ സാധ്യത ഉണ്ടെന്നും, സാഹചര്യ തെളിവുകളിൽ നിന്നും പരാതിക്കാർ ആരോപിക്കുന്ന തരത്തിൽ കഠിനമായിട്ടല്ലെങ്കിലും ദേഹോപദ്രവം ഏറ്റിട്ടുണ്ടാകാമെന്നും പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിയ തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) ശ്രീ. വിപിൻ ജോസ് സമർപ്പിച്ച പരാതി ശരിയാണെന്ന് അന്വേഷണ റിപ്പോർട്ട് പ്രകാരം ബോധ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉത്തരവാദികൾക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുമോ? | | |

ഇതുമായി ബന്ധപ്പെട്ട് എസ്.എച്ച്.ഒ ശ്രീകുമാരൻ നായർ, അഡീഷണൽ എസ്.ഐ സനോജ് എന്നിവരെ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ നിന്നും സ്ഥലം മാറ്റിയിട്ടുള്ളതും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ടി പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഇതിനു പുറമേ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1423/2015 കേസ് പുനരന്വേഷണം നടത്തുവാൻ തിരുവനന്തപുരം റൂറൽ നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ